നം.ബി-490/20

താലൂക്ക് ആശുപത്രി,
തിരുവല്ല, പിൻ - 689101
**Mail ID: thqhtvl@gmail.com**
**Phone: 0469 2602494**
തീയതി: 07/07/2020.

## ലേലപരസ്യം

വിഷയം:- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി തിരുവല്ല - മരങ്ങൾ ലേലം ചെയ്തു നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. പത്തനംതിട്ട ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24/06/2020ലെ SFPA2-824/2020-ാം നമ്പർ കത്ത്.
2. ഇതേ നമ്പരിലെ 05/03/2020ലെ കത്ത്.

തിരുവല്ല താലൂക്ക് ആശുപത്രി വളപ്പിൽ അപകടാവസ്ഥയിൽ നിൽക്കുന്ന താഴെപ്പറയുന്ന മരങ്ങൾ വെട്ടിമാറ്റുകയും ബദാം, ആൽമരം എന്നിവയുംട ശിഖരങ്ങൾ കോതി മാറ്റുകയും ചെയ്ത് ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിന് 24/07/2020 പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ പ്രത്യേകം ക്വട്ടേഷൻ കൂടി സമർപ്പിക്കേണ്ടതാണ്.

<u>വെട്ടി മാറ്റേണ്ട മരങ്ങൾ</u>

1. ഒ.പി. കെട്ടിടത്തിന് സമീപമുള്ള 2 വാകമരം
2. ഇൻസനറേറ്ററിന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന പെരുമരം

<u>ശിഖരങ്ങൾ കോതി മാറ്റേണ്ടത്</u>

1. പഴയ ഒ.പി.കെട്ടിടത്തിനും മുൻ ഗേറ്റിനും അരികിലുള്ള ബദാം മരത്തിന്റെ ചില്ലകൾ
2. പാലിയേറ്റീവ് കെട്ടിടത്തിന്റെ മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന ആൽമരത്തിന്റെ ചില്ലകൾ.

മരം മുറിക്കുന്ന വേളയിൽ സമീപത്തു നിൽക്കുന്ന വൃക്ഷത്തൈകൾ നശിച്ചു പോകാതെ ശ്രദ്ധിക്കേണ്ടതും വൃക്ഷത്തിൽ മുട്ടകളോ കുഞ്ഞുങ്ങളോടോ കൂടിയ പക്ഷികൂടുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം മരംമുറിക്കുന്നതിന് മുമ്പായി വനംവ്കുപ്പ് അധികൃതരെ സൂപ്രണ്ട് വഴി അറിയിക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 500/– രൂപ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവർക്ക് അവരവരുടെ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനും ലേലത്തിന് മുൻപായി മുദ്രവച്ച കവറിൽ നൽകാവുന്നതാണ്..

ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതും ലേലത്തുകയുടെ 5 ശതമാനം വനം വികസനനികുതിയും നിയമാനുസൃതമായ ജി.എസ്.റ്റി മറ്റ് നികുതികളും ഉൾപ്പെടെ മുഴുവൻ സംഖ്യയും അപ്പോൾ തന്നെ ഓഫീസിൽ അടക്കേണ്ടതും മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ചു മാറ്റി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. മുൻസിപ്പൽ ഓഫീസ്, തിരുവല്ല
4. വില്ലേജ് ഓഫീസ്
5. താലൂക്ക് ഓഫീസ്, തിരുവല്ല.